ഫെഡിന് ഉത്സവ ചന്ത സംഘടിപ്പിക്കുന്നതിനുവേണ്ടി നീക്കിവച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	നീക്കിയിരുപ്പ്തുക (കോടിയിൽ)
2011-12	5.00
2012-13	5.00
2013-14	10.00
2014-15	11.00

കൺസ്യൂമർഫെഡ് സ്ഥാപനങ്ങളുടെ പ്രവർത്തനം

94(2082) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിനു കീഴിൽ പുതുതായി എത്ര സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട് എവിടെയൊക്കെ ;

(ബി) മേൽ കാലയളവിൽ എത്ര കൺസ്യൂമർഫെഡ് സ്ഥാപനങ്ങളാണ് അടച്ചുപൂട്ടിയിട്ടുള്ളത് ; ഇതുമൂലം എത്ര പേർക്കാണ് തൊഴിൽ നഷ്ടപ്പെട്ടത് ;

(സി) ഈ കാലയളവിൽ കൺസ്യൂമർഫെഡിന്റെ വിവിധ സ്ഥാപനങ്ങളിൽ നിയമിച്ച താത്ക്കാലിക ജീവനക്കാരുടെ ദിവസവേതനം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതുമൂലം തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിന് കീഴിൽ പുതുതായി 9 സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സോണൽ ആഫീസ്	ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ
റീജിയണൽ ആഫീസ്	പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ പാലക്കാട്
ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി	തൃശ്ശൂർ
ശ്രുശ്രൂഷ ഹൈടെക് ക്ലിനിക്കൽ ലാബ്	കായംകുളം

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽ കാലയളവിൽ 3 സോണൽ ആഫീസുകളാണ് അടച്ചുപൂട്ടിയിട്ടുള്ളത്. ഇതുമൂലം ആർക്കും തൊഴിൽ നഷ്ടപ്പെട്ടിട്ടില്ല.

(സി) സാധാരണ ദിവസവേതന ജീവനക്കാർക്ക് 1-11-2011 മുതൽ 1-12-2012 വരെ 250 രൂപയും 1-12-2012 മുതൽ 300 രൂപയും ദിവസ വേതന ഡ്രൈവർമാർക്ക് 1-11-2011 മുതൽ 1-12-2012 വരെ 300 രൂപയും 1-12-2012 മുതൽ 350 രൂപയുമാണ് നൽകിവരുന്നത്.

(ഡി) അടച്ചുപൂട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരെ മറ്റ് യൂണിറ്റുകളിലേയ്ക്ക് പുനർവിന്യസിപ്പിച്ചും ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയും ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെടാതിരിക്കാനുള്ള നടപടികൾ കൺസ്യൂമർ ഫെഡറേഷൻ സ്വീകരിച്ചിട്ടുണ്ട്.

കൺസ്യൂമർഫെഡിലെ കടിശ്ശിക

95(2083) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൺസ്യൂമർഫെഡിൽ സാധനങ്ങൾ എത്തിക്കുന്നവർക്ക് കടിശ്ശിക ഇനത്തിൽ തുക നൽകുവാനുണ്ടോ ; എങ്കിൽ എത്ര രൂപ കടിശ്ശിക ഉണ്ടെന്നും എന്നത്തേക്ക് ഇത് പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കൺസ്യൂമർഫെഡിൽ സാധനങ്ങൾ വിതരണം ചെയ്തവർക്ക് 357.99 കോടി രൂപ കടിശ്ശികയായി നൽകാനുണ്ട്. സപ്ലയർമാർക്ക് കടിശ്ശിക നൽകുന്നതിലേക്ക് 100 കോടി രൂപ നൽകുന്നതിന് നിർദ്ദേശിച്ച് ജില്ലാ സഹകരണ ബാങ്കിൽ നിന്ന് സർക്കാർ ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ 150 കോടി രൂപ വായ്പ വാങ്ങുന്നതിന് ഫെഡറേഷന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ഫെഡറേഷൻ ഭരണസമിതി നടപടി സ്വീകരിച്ചുവരുന്നു.

ഖാദി ഗ്രാമവ്യവസായ സംഘങ്ങൾ

96(2084) ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ഗ്രാമവ്യവസായ സഹകരണ സംഘങ്ങളിൽ എത്ര പേർ തൊഴിലെടുക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly